**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2757 10/07/2015-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ ജൈവ പച്ചക്കറി കൃഷി

ചോദ്യം

**ശ്രീ.എം.ചന്ദ്രൻ**

എ) പാലക്കാട് ജില്ലയിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) 2015-16-ൽ പാലക്കാട് ജില്ലയിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ |
|---|---|
| 1. | **പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക –**<br>20 രൂപ വിലയുള്ള 1.8 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും, 35700 കിറ്റുകൾ വീട്ടമ്മമാർ മുഖേനയും പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സൗജന്യമായി നല്കുന്നുണ്ട്. |
| 2. | **അർബൻ ക്ലസ്റ്റർ പ്രോത്സാഹനം –**<br>2000 രൂപ വിലയുള്ള 2000 ഗ്രോബാഗ് യൂണിറ്റുകൾ (50,000 ഗ്രോബാഗുകൾ) 75 ശതമാനം സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന്റെ ഗുണഭോക്തൃ വിഹിതം 500 രൂപയാണ്. |
| 3. | **വിദ്യാഭ്യാസ / ഇതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി**<br>(എ) തെരഞ്ഞെടുത്ത 590 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 23.6 ലക്ഷം രൂപയും പ്രവർത്തന ചിലവുകൾക്കായി 5.9 ലക്ഷം രൂപയും സഹായധനം നല്കുന്നു.<br>ബി). 45 ജലസേചന യൂണിറ്റുകൾക്കായി 4.5 ലക്ഷം രൂപ ധനസഹായം നല്കുന്നു.<br>സി). പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി |

| | |
|---|---|
| | കൃഷിയ്ക്കായി 15 ലക്ഷം രൂപധനസഹായം നല്കുന്നു. |
| 4. | **ജില്ലാ ക്ലസ്റ്റർ വികസനം.**<br>എ).തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 65 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനത്തിന് ക്ലസ്റ്ററിന് 75000 രൂപ നിരക്കിൽ ആകെ 48.75 ലക്ഷം രൂപ ധനസഹായം നല്കുന്നു.<br>ബി).സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണ-ത്തിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 15,000 രൂപ നിരക്കിൽ, 300 ഹെക്ടറിന് 45 ലക്ഷം രൂപ ധനസഹായം നല്കുന്നു.<br>സി). 115 പമ്പ് സെറ്റുകൾക്ക് 10000 രൂപ നിരക്കിൽ 11.5 ലക്ഷം രൂപ സഹായ ധനം നല്കുന്നു.<br>ഡി). സസ്യ സംരക്ഷണ ഉപാധികൾ 80 യൂണിറ്റിന് 1500 രൂപ നിരക്കിൽ 1.2 ലക്ഷം രൂപ സഹായധനം.<br>ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തന-ങ്ങൾക്കായി 3 ലക്ഷം രൂപ ജില്ലക്കനുവദിച്ചിരിക്കുന്നു.<br>എഫ്) തരിശു നില കൃഷി ഹെക്ടറിന് 30000 രൂപ നിരക്കിൽ 45 ഹെക്ടറിന് 13.5 ലക്ഷം രൂപ ധനസഹായം നല്കുന്നു. |
| 5. | **"എ" ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം.**<br>എ). നടപ്പുവർഷത്തിലെ 4 പ്രവർത്തന ക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിങ്ങിന്റെ അടിസ്ഥാന-ത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ 25.2 ലക്ഷം രൂപ ധനസഹായം നല്കുന്നു.<br>ബി). 2014-15-ൽ ഗ്രേഡ് ചെയ്യപ്പെട്ട 61 ക്ലസ്റ്ററുകളുടെ പ്രവർത്തനത്തിനായി 1 ലക്ഷം രൂപ നിരക്കിൽ 61 ലക്ഷം രൂപ ധനസഹായം നല്കുന്നു. |
| 6. | **സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം –**<br>തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗത്തിനായി 3.78 ലക്ഷം രൂപ ധനസഹായം നല്കുന്നു. |

| | |
|---|---|
| 7. | **ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികൾ -** ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതിയുടെ രൂപീകരണത്തിനായി 10 ലക്ഷം രൂപ സഹായധനം നല്കുന്നു. നിലവിലുള്ള 2 സമിതികൾക്ക് 5 ലക്ഷം രൂപ നിരക്കിൽ ധനസഹായം നല്കുന്നു. |
| 8. | **നഴ്സറികളുടെ സ്ഥാപനം –** ബ്ലോക്ക്തലത്തിൽ പുതിയ നഴ്സറിക്ക് 7 ലക്ഷം രൂപ ധനസഹായം നല്കുന്നു. നിലവിലുള്ള 3 നഴ്സറികൾക്ക് 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നല്കുന്നു. |
| 9. | **മഴ മറകൾ -** 75 ശതമാനം നിരക്കിൽ 80 മഴമറകൾക്ക് 50000 രൂപ വീതം 40 ലക്ഷം രൂപ ധന സഹായം. |
| 10. | **സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും –** 125 യൂണിറ്റുകൾക്ക് 30,000 രൂപ വീതം 37.5 ലക്ഷം രൂപ ധനസഹായം നല്കുന്നു. |

ജൈവ രീതിയിലുള്ള പച്ചക്കറി കൃഷിയെക്കുറിച്ചും സുരക്ഷിതമായ രീതിയിലുള്ള കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റിയും കർഷകർക്കും വിദ്യാർത്ഥികൾക്കും അവബോധം വളർത്തുന്നതിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ "സുരക്ഷിത പച്ചക്കറി കൃഷിയ്ക്ക് മാർഗ്ഗരേഖ" എന്ന കൈ പുസ്തകം പാലക്കാട് ജില്ലയിലെ സ്കൂളുകളും കൃഷി ഭവനുകളും വഴി വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2013-14, 2014-15 വർഷങ്ങളിൽ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി വഴി ധനസഹായം നല്കുകയും, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖേന പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുകയും രാസവളങ്ങളുടേയും കീടനാശിനി-കളുടേയും അനിയന്ത്രിതമായ ഉപയോഗം

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിന് കാമ്പയിനുകളും, പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഗ്രോ ബാഗുകളുടെ വിതരണം ഈ വർഷം ഏതെല്ലാം കൃഷി ഭവനുകളിലാണ് നടപ്പിലാക്കുന്നത്; | ബി) | പാലക്കാട് ജില്ലയിലെ എല്ലാ കൃഷി ഭവനുകൾ മുഖേനയും ഗ്രോ ബാഗുകളുടെ വിതരണം നടത്തുന്നുണ്ട്. പാലക്കാട് ജില്ലയിൽ ആകെ 50,000 ഗ്രോ ബാഗുകൾ ആണ് വിതരണം ചെയ്യുന്നത്. |
| സി) | ഇതിന് എത്ര രൂപയാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്; സബ്സിഡി തുക എത്രയാണ്? | സി) | 2000/- രൂപ വില വരുന്ന 25 ഗ്രോ ബാഗുകൾ 75 ശതമാനം സബ്സിഡി നിരക്കിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ